അമ്പതിലേറെ മോഷണ കേസുകളിലെ പ്രതി പുത്തൻകുരിശ് പോലീസിന്റെ പിടിയിൽ. തൊടുപുഴ പാറക്കടവ് തൃക്കായിൽ വീട്ടിൽ സുരേഷ് (സെൽവകുമാർ 48 ) ആണ് പിടിയിലായത്. കഴിഞ്ഞ 9 ന് കോലഞ്ചേരിയിൽ പ്രതിരോധവകുപ്പ് ശാസ്ത്രജ്ഞന്റെ വീട് കുത്തി തുറന്ന് നാൽപ്പതിനായിരത്തോളം രൂപയും നാല് കിലോഗ്രാം കുരുമുളകും ഇയാൾ മോഷ്ടിച്ചിരുന്നു.